പരാതികളും രഹസ്യ വിവരങ്ങളും ലഭിക്കുന്നതിന് എക്സൈസ് ഓഫീസുകളുടെ ഔദ്യോഗിക ഫോൺ/മൊബൈൽ നമ്പരുകൾ പൊതുസ്ഥലങ്ങളിൽ പരസ്യപ്പെടു ത്തിയിട്ടുള്ളതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിലും രഹസ്യവിവരങ്ങളിലും സമയബന്ധിതമായി അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നു. മലയോര മേഖലകളിൽ മറ്റും മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നു. ഈ പ്രദേശങ്ങളിൽ വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ ശക്തമായി തുടർന്നുവരുന്നു.

**വിദ്യാലയങ്ങൾക്ക് സമീപം ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ**

243 (2030) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾക്ക് സമീപം ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 2011-2016 കാലയളവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ ലഹരി വസ്തുക്കൾ വില്പന നടത്തിയ സ്ഥാപനങ്ങൾ ക്കെതിരെ എടുത്ത നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാലയങ്ങൾക്ക് സമീപം ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 2011-16 കാലയളവിൽ എക്സൈസ് വകുപ്പിൽ 4536 കേസ്സുകളും ആഭ്യന്തര വകുപ്പിൽ 14862 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയും ആഭ്യന്തര വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയും ചേർക്കുന്നു.

(സി) ഇത്തരത്തിൽ ലഹരി വസ്തുക്കൾ വില്പന നടത്തിയ സ്ഥാപനങ്ങൾ ക്കെതിരെ നിയമാനുസരണം നടപടി എടുത്ത്, കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത്, ലഹരിവസ്തുക്കളെ ബന്തവസ്സിലെടുത്ത്, പ്രതികളെ കോടതിയിൽ ഹാജരാക്കുകയും പ്രതികൾക്കെതിരെ കുറ്റപത്രവും നൽകിവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 1803, 1863 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly